പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1681

08-06-2018 ൽ മറുപടിക്ക്

**കൊയിലാണ്ടി ശ്രീ.പിഷാരികാവ് ദേവസ്വത്തിന്റെ ചിറ സംരക്ഷണം**

ചോദ്യം
ശ്രീ.കെ. ദാസൻ

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊയിലാണ്ടി ശ്രീ.പിഷാരികാവ് ദേവസ്വത്തിന്റെ അധീനതയിൽ വരുന്ന ചിറ സംരക്ഷണത്തിന് എത്ര രൂപ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | കൊയിലാണ്ടി ശ്രീ.പിഷാരികാവ് ദേവസ്വത്തിന്റെ അധീനതയിൽ വരുന്ന കൊല്ലം ചിറ സംരക്ഷണത്തിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ് 21 സ്കീമിൽ ഉൾപ്പെടുത്തി 325.23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഫണ്ടിൽ സംസ്ഥാന വിഹിതം 16.26 ലക്ഷം രൂപയും നബാർഡ് വിഹിതം 308.97 ലക്ഷം രൂപയുമാണ്. |
| (ബി) | പ്രസ്തുത ഫണ്ടിൽ സംസ്ഥാന, നബാർഡ് വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | നബാർഡ് വായ്പ തിരിച്ചടക്കേണ്ടതാണോയെന്ന് വെളിപ്പെടുത്തുമോ; | (സി) | നബാർഡ് ആർ.ഐ.ഡി.എഫ് വായ്പ തിരിച്ചടക്കേണ്ടതാണ്. |
| (ഡി) | തിരിച്ചടക്കേണ്ടതാണെങ്കിൽ എത്ര ശതമാനം പലിശയാണ് ഈടാക്കുന്നതെന്നും ഏത് വർഷം മുതലാണ് തിരിച്ചടവ് ആരംഭിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ഡി) | ടി പദ്ധതിയ്ക്ക് ചെലവാകുന്ന തുക, റീഇംപേഴ്സ്മെന്റ് ക്ലെയിമിനത്തിൽ നബാർഡിൽ സമർപ്പിക്കുകയും പ്രസ്തുത ക്ലെയിമിന് അനുസൃതമായ നബാർഡ് വായ്പ അനുവദിക്കുന്ന സമയത്തെ പലിശ നിരക്കാണ് വായ്പയ്ക്ക് ബാധകമാകുന്നത്. നിലവിൽ നബാർഡ് ആർ.ഐ.ഡി.എഫ് വായ്പയുടെ വാർഷിക പലിശ നിരക്ക് 4.75% ആണ്. വായ്പയുടെ പലിശ, വായ്പ അനുവദിച്ച തീയതി മുതൽ തിരിച്ചടക്കേണ്ടതും വായ്പതുക 2 വർഷത്തെ ഗ്രേസ് പീരിയഡിനു ശേഷം 5 വർഷത്തെ തുല്യ ഗഡുക്കളായി തിരിച്ചടക്കേണ്ടതുമാണ്. |
| (ഇ) | കേന്ദ്ര സർക്കാരിൽ നിന്നോ, കേന്ദ്ര ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ പ്രസ്തുത പദ്ധതിക്കായി തിരിച്ചടക്കേണ്ടതില്ലാത്ത മറ്റ് ഏതെങ്കിലും ഫണ്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയെന്ന് വിശദമാക്കാമോ? | (ഇ) | ടി പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിൽ നിന്നോ കേന്ദ്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഫണ്ട് ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ